മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ

106 (3615) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികരിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശേഖരിച്ച് മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ സാധ്യമായിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള പദ്ധതികളായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ടോ; സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വിശദീകരണം നൽകുമോ;

(സി) എം.എൽ.എ. ഫണ്ട് പദ്ധതിയും ആസ്തി വികസന ഫണ്ട് പദ്ധതിയും ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും ചെലവഴിക്കാൻ തീരുമാനിക്കപ്പെട്ടിരുന്ന തുക എത്ര; ഈ ഇനത്തിൽ ഓരോ വർഷവും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയെത്ര ; വിശദമാക്കുമോ;

(ഡി) വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുന്നതിൽ പ്രതിപക്ഷ/ഭരണപക്ഷ മണ്ഡലങ്ങളെന്ന വകഭേദം കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി 1-9-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 7791/2015/ധന. പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015 സെപ്റ്റംബർ മാസത്തിലാണ് കളക്ടറേറ്റിലെ ജില്ലാ വികസന സമിതിയിൽ ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദ വിവരം കളക്ടറേറ്റുകളിൽ ലഭ്യമല്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ജില്ലാ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) എം.എൽ.എ ഫണ്ട് (MLA SDF) പദ്ധതി ആരംഭിച്ചത് 2001-02 വർഷത്തിലും ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചത് 2012-13 വർഷത്തിലുമാണ്. എം.എൽ.എ. എസ്.ഡി.എഫ്. ഇനത്തിൽ അലോട്ട്മെന്റ് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർക്കുന്നു.*

എൽ.എ.സി. എ.ഡി.എസ്. ഇനത്തിൽ ഒരു എം.എൽ.എ.-യ്ക്ക് ഓരോ സാമ്പത്തിക വർഷവും 5 കോടി എന്ന കണക്കിൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ട്രഷറിയിൽനിന്നും ഓരോ വർഷവും പിൻവലിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ ഭരണപക്ഷം/പ്രതിപക്ഷം എന്ന വകഭേദം കാണിക്കാറില്ല. ഇത്തരം നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപകാലത്തെങ്ങും ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ പൊതുകടം

107 (3616) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാങ്ങിയ പൊതുകടത്തിൽ നിന്നും എത്ര തുക മൂലധനനിക്ഷേപത്തിനായി ചെലവഴിച്ചു; വിശദവിവരം നൽകുമോ;

(ബി) 2015 നവംബർ 1 വരെ കേരളത്തിന്റെ പൊതുകടം എത്ര; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കടമെടുക്കുന്ന തുക വികസന ചെലവുകൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കുമാണ് പ്രധാനമായും ചെലവഴിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത കടവും (തനി) മൂലധന ചെലവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly